(ബി) ചിറയിൻകീഴ്ലെ വില്ലേജ്കോടതി അഞ്ചുതെങ്ങിൽ മാറ്റി സ്ഥാപിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉവ്വെങ്കിൽ അതിനെ മാറ്റണമെന്നു് ആരെങ്കിലും നിവേദനം നടത്തിയിരുന്നോ; ആരു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1955-56.ൽ പുതിയതായി വില്ലേജ്കോടതികൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ: ചിറയിൻകീഴിലുള്ള ഒരു വില്ലേജ്കോടതി അഞ്ചുതെങ്ങിലേയ്ക്കു മാറ്റി സ്ഥാപിക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉത്തരവുകൊടുത്തിട്ടുള്ളതായി നിക്കു ഓർമ്മയില്ല. ഫയലിൽ കാണുന്നില്ല.

ശ്രീ. യു. നീലകണ്ഠൻ: അതൊന്നു പരിശോധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെപ്പറ്റി എന്താണു് ആക്ഷേപം കൊടുത്തിട്ടുള്ളതെന്നു പറഞ്ഞാൽ പരിശോധിക്കാം.

ശബരിമലകേസു്.

* 82. [21] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലക്കേസു സംബന്ധിച്ചു് ഒരു അന്വേഷണറിപ്പോർട്ടിന്റെ എങ്കിലും പ്രധാനപ്പെട്ട ഭാഗങ്ങൾ കാണാതായിട്ടുണ്ടോ;

(ബി) ഈ കേസിൽ ആരെയെങ്കിലും കുറ്റക്കാരായ കണ്ടുപിടിക്കുകയോ, ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) കേസന്വേഷണത്തിനും എത്ര രൂപ ഗവണ്മെൻറിനു ചെലവായിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല. ഈ ശബരിമലക്കേസ്സിന്റെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ടതില്ലെന്ന തീരുമാനത്തിൽ ഗവണ്മെൻറ് എത്തിട്ടുണ്ടു്. ഇതിനു മുമ്പത്തെ ഗവണ്മെൻറും അങ്ങനെ ഒരു തീരുമാനത്തിൽ എത്തിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഇതിലേയ്ക്കു ആകെ ഗവണ്മെൻറിനു 23,387 രൂപ 1 അണ 9 പൈസ ചെലവായി.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ അടുത്തകാലത്തു വല്ല ക്ഷേത്രങ്ങളുടെയും മതിലുകൾ നശിപ്പിച്ചു് പോലീസ് ഉണ്ടായിട്ടുണ്ടോ?

MR. SPEAKER: You may put a seperate question for that.

ശ്രീ. എൻ. രാഘവൻപിള്ള: ഈ ശബരിമലകേസിനെപ്പറ്റി എത്ര റിപ്പോർട്ടുകൾ ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : കരട് റിപ്പോർട്ടേയുള്ളൂ എന്നാണ് തോന്നുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കേശവമേനോന്റെ റിപ്പോർട്ടിനെപ്പറ്റിയാണോ പറയുന്നത് ?

ശ്രീ. എ. ജെ. ജോൺ : അതെ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ റിപ്പോർട്ട് ദേവസ്വംബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയുമോ ?

ശ്രീ. എ. ജെ. ജോൺ : നിശ്ചയമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ റിപ്പോർട്ട് പബ്ലിഷ് ചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതും നിശ്ചയമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ രാജ്യത്തെ അനേകായിരം ഹിന്ദുക്കൾ അറിയാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന ആ റിപ്പോർട്ട് പരസ്യം ചെയ്യേണ്ട എന്നുള്ള തീരുമാനം എടുക്കുന്നതിന് പ്രത്യേക വല്ല കാരണങ്ങളും ഉണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു പരസ്യം ചെയ്യേണ്ട എന്നു് മുൻ ഗവണ്മെന്റ് തീരുമാനിച്ചു. അതു് ഈ ഗവണ്മെന്റ് അനുകൂലിച്ചു.

അയിത്താചാരം.

* 83. [22] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) അയിത്താചാരത്തിനെതിരായി ആകെ എത്ര കേസ്സുകൾ സാമൂഹ്യാവശതാനിവാരണ നിയമം പാസ്സാക്കി നടപ്പിലാക്കിയതിനു ശേഷം ചാർജ്ജ് ചെയ്തിട്ടുണ്ടു് ;

(ബി) എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) എത്ര കേസുകൾ തെളിവില്ലാതെ വെറുതെ വിട്ടിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) അയിത്താചാരത്തിനു എതിരായിട്ടു രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) രണ്ടും കോർട്ടു നടപടിയിലിരിക്കുന്നു.

(സി) ഒന്നുമില്ല.

ശ്രീ. പി. കുഞ്ഞൻ : അയിത്താചാരത്തിനെതിരായി ഈ ഗവണ്മെന്റിനു വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി വിശദവിവരങ്ങൾ ശേഖരിച്ചു പറയാം.

ശ്രീ. പി. കുഞ്ഞൻ : ഇൻഡ്യാഗവണ്മെന്റിൽ നിന്നും ഈ പദ്ധതിക്കു വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly